# മണിച്ചൻ – മാതൃഭൂമി – ഗോപാലകൃഷ്ണൻ

**മീഡിയ പൾസ്**

പ്രശാന്ത് പരമേശ്വർ

അഫ്ഗാൻ യുദ്ധം, അമേരിക്കയുടെ പിടിമുറുക്കൽ, അമ്പൂരിയിലെ ഉരുൾപൊട്ടൽ, ഡി.സി.സി. പ്രസിഡണ്ടിന്റെ അറസ്റ്റ്, ന്യൂയോർക്കിൽ വിമാനം തകരൽ, നിയമസഭ - ഗണേശനുനേരെ കയ്യേറ്റം, ആന്റണി പോലീസിന്റെ "കടുംകൈകൾ" ........ ചൂടൻ വാർത്തകളാണ് മാദ്ധ്യമങ്ങളിലിപ്പോൾ..... ഇതിനിടയിലാണ് 'മാതൃഭൂമി' മഹാസംഭവമാക്കിയ മാതൃഭൂമി പത്രാധിപർ കെ. ഗോപാലകൃഷ്ണന്റെ 'കോടതി നാടക'വും വാർത്തകളിൽ സ്ഥാനം പിടിച്ചത്.

മനുഷ്യാവകാശലംഘനം, പത്രപ്രവർത്തക സ്വാതന്ത്ര്യത്തിനെതിരായുള്ള കടന്നുകയറ്റം...... കൂടാതെ മണിച്ചനുവേണ്ടി കോടതി നേരത്തെ കൂടിയെന്നുള്ള ആരോപണവും.... അങ്ങനെ പോകുന്നു മാതൃഭൂമിയുടെ കോടതിയ്ക്കുനേരെയുള്ള പഴികൾ. ന്യായം മാതൃഭൂമി പത്രാധിപരുടെ ഭാഗത്തോണോ അല്ലയോ എന്ന വാദം തുടരുകയാണ്. ജ: വി. ആർ.കൃഷ്ണയ്യർ, ജ: ബാലകൃഷ്ണൻ, കുൽദീപ് നയ്യർ, ചോ രാമസ്വാമി, എൻ. റാം, പി. രാമചന്ദ്രൻ, വയലാർ രവി, ഡോ. എസ്. ബലരാമൻ, പിന്നെ നമ്മുടെ സ്വന്തം വീരേന്ദ്രകുമാർ തുടങ്ങിയ പ്രമുഖർ കാര്യമറിയാതെ / കാര്യമറിയിക്കാതെ മാതൃഭൂമി പ്രതികരിപ്പിച്ചു

'കോടതി നാടക'ത്തിലേക്ക് നമുക്കൊന്ന് തിരിഞ്ഞുനോക്കാം... കല്ലുവാതുക്കൽ വിഷമദ്യ ദുരന്തത്തിലെ പ്രതികളായ മണിച്ചൻ, കൊച്ചനി എന്നിവരെപ്പറ്റി പരാമർശിക്കുന്ന റിപ്പോർട്ട് കഴിഞ്ഞ വർഷം മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചതാണ് കോടതി അലക്ഷ്യനടപടിക്ക് കാരണം. നവം. 8ന് അപകടത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നതിനാൽ 9ാം തിയ്യതി കോടതിയിൽ ഹാജരാകുന്നതിൽനിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട സത്യവാങ്മൂലം കോടതിയിൽ ഏല്പിക്കുന്നതിന് അഡ്വ. ടി. സി. പ്രഭാകരനെ പത്രാധിപർ ഏല്പിച്ചിരുന്നു. മെഡിക്കൽ രേഖകൾ മാത്രം മതിയാകുമായിരുന്ന കോടതിയിൽ നേരിട്ടുഹാജരാകുന്നതിൽ നിന്നും ഒഴിവാക്കപ്പെടാൻ എന്നാണ് നിയമജ്ഞർ പറയുന്നത്. മുൻപ് രണ്ടുപ്രാവശ്യം ആശുപത്രിരേഖകൾ കാണിച്ച് പത്രാധിപർക്ക് ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമായിരുന്നു.

ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ടുപ്രകാരം ജഡ്ജി ഗോപാലകൃഷ്ണന്റെ വക്കീലിനോട് ചോദിച്ച ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞിട്ടല്ല അദ്ദേഹം കോടതിയിൽ ഹാജരായത് എന്ന് പറഞ്ഞിരുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. ഇതേ റിപ്പോർട്ടുതന്നെ മാതൃഭൂമിയിൽത്തന്നെ പറയുന്നു, "ഞാൻ നിർബന്ധിച്ചിട്ടല്ല, പത്രാധിപർ കോടതിയിൽ ഹാജരായതെന്ന്".

ഗോപാലകൃഷ്ണൻ കോടതിയ്ക്കുനേരെ നടത്തിയ ആരോപണമായിരുന്നല്ലോ കോടതി അലക്ഷ്യനടപടിയ്ക്ക് ഇടയാക്കിയത്. മണിച്ചനെ സഹായിക്കാനായി നിശ്ചിത സമയത്തിനുമുൻപായി കോടതി ചേർന്നു എന്നാണ്. മാതൃഭൂമിയുടെ നിശ്ചിത സമയത്തിനുമുൻപായി കോടതി ചേർന്നത് 11.15ന് ആണെന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു. കേന്ദ്ര - കേരള സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞ് ഒരുമണിക്കൂർ വൈകിയാണ് കോടതി സമയം എന്ന് മാതൃഭൂമി ധരിച്ചുവെച്ചിരിക്കുന്നു എന്നത് അതിശയം തന്നെ.

കോടതിയിൽ നിന്നും ഗോപാലകൃഷ്ണന് ലഭിച്ച നോട്ടീസിൽ പത്രാധിപരോട് കണിശമായും കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നില്ല എന്നാണ് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് പ്രകാരം നസ്സിലായത്. നിർബന്ധമായും കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെടുന്ന അവസരത്തിൽ 'പോസറ്റീവ്‌ലി കോർട്ട് ഇൻ പേഴ്സൻ' എന്ന വാചകം പ്രയോഗിക്കുമായിരുന്നു എന്ന് നിയമജ്ഞർ പറയുന്നു. എന്നാൽ ഇത്തരം പ്രയോഗങ്ങൾ കോടതിയിൽ നിന്നും ലഭിച്ച രേഖകളിൽ ഉണ്ടായിരുന്നില്ലെന്ന് പത്രമാധ്യമ റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി നമുക്ക് മനസ്സിലാക്കാം.

ആശുപത്രിരേഖകൾ ഹാജരാക്കേണ്ട ആവശ്യം പോലും മാതൃഭൂമി പത്രാധിപർക്ക് ഉണ്ടാകേണ്ടിയിരുന്നില്ല. കാരണം അദ്ദേഹത്തിന് അപകടം പറ്റിയത് മിക്ക പ്രധാന പത്രങ്ങളിലും വാർത്തയായിരുന്നു. 'സുവോമോട്ടോ' പ്രകാരം പത്രറിപ്പോർട്ടുകൾ പരിഗണിക്കുമെന്നിരിക്കേ ഇത്രയും ത്യാഗം സഹിക്കേണ്ട കാര്യം ഗോപലകൃഷ്ണനുണ്ടായിരുന്നോ? മാതൃഭൂമി പത്രാധിപനെ കോടതിയിൽ കൊണ്ടുവന്നതിന് മാതൃഭൂമിയിൽ പ്രതികരിക്കാൻ പ്രമുഖരുടെ നിരയാണുണ്ടായത്. ഇവിടെസാധാരണക്കാരൻ നീതിന്യായ വ്യവസ്ഥകളുടെ ഊരാക്കുടിക്കിൽപ്പെട്ടുഴലുമ്പോൾ പ്രതികരിക്കാൻ ഈ രാഷ്ട്രീയ നേതാക്കളോ, നീതിന്യായ പ്രമുഖരെയോ ഇവിടെ കിട്ടാനില്ല.

മാതൃഭൂമി പത്രാധിപർക്ക് കോടതിയെ വിമർശിക്കാൻ ഇത്രയും ആവേശം എന്തിനായിരുന്നു? ശബരിമല ടെണ്ടർ സ്വന്തം ഗ്രൂപ്പിന് നഷ്ടപ്പെട്ടതിന്റെ വിഷമം അരവണപായസത്തിലെ എലിവാലായി പരിണമിച്ചതുപോലെ കോർട്ടലക്ഷ്യകേസിൽ കുടുങ്ങിയ പത്രാധിപർ നടത്തിയ ഒരഭ്യാസമായിരുന്നോ കോടതി നാടകം? .... ചോദ്യങ്ങൾ ബാക്കിയാവുന്നു....... ചർച്ചകളും കോലാഹലങ്ങളും തുടരുന്നു.......